**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6394 08.07.2014 ന് മറുപടിയ്ക്ക്.

**ആനകളുടെ പരിപാലനവും കൈമാറ്റവും സംബന്ധിച്ച വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു. | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1979 സെക്ഷൻ 39(3) പ്രകാരം ആനയെ പരിപാലിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള വ്യവസ്ഥകളും ആനയെ കൈമാറ്റം ചെയ്യപ്പെടണമെങ്കിൽ പാലിക്കേണ്ട വ്യവസ്ഥകളും വിശദമാക്കുമോ ; | (എ) 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ ആനയെ പരിപാലിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള വ്യവസ്ഥകളും ആനയെ കൈമാറ്റം ചെയ്യപ്പെടണമെങ്കിൽ പാലിക്കേണ്ട വ്യവസ്ഥകളും പ്രതിപാദിക്കുന്നില്ല. പ്രസ്തുത ആക്ട്, സെക്ഷൻ 39(3) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ രേഖാമൂലമുള്ള മുൻകൂർ അനുവാദമില്ലാതെ വന്യജീവികളെ സ്വന്തമാക്കുകയോ, കൈവശം വെയ്ക്കുകയോ, നിയന്ത്രണത്തിലാക്കുകയോ, മറ്റു വ്യക്തികൾക്ക് സമ്മാനമായി നല്കുകയോ, വിൽക്കുകയോ, നശിപ്പിക്കുകയോ, കേടുപാടു വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല എന്ന് അനുശാസിച്ചിട്ടുണ്ട്. |
| (ബി) വനം വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രകാരമുള്ള ഉടമസ്ഥരുടെ കൈവശം ആനകൾ ഇല്ലാതിരിക്കെ സർക്കാർ ഉടമസ്ഥതയിലുള്ള ആനയെ സർക്കാർ അനുമതി കൂടാതെ കൈമാറ്റം നടത്തുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമോ എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) നാട്ടാനകളെ നിയമാനുസൃതമായുള്ള അനുമതി കൂടാതെ കൈമാറ്റം നടത്തുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. ഇത്തരം കേസ്സ് ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ 1972-ലെ വന്യജീവി സംരക്ഷണ നിയമം, 2003-ലെ നാട്ടാന പരിപാലന ചട്ടങ്ങൾ, 2012-ലെ നാട്ടാന പരിപാലന ചട്ടങ്ങൾ തുടങ്ങിയ നിയമങ്ങൾ പ്രകാരം ക്രിമിനൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ